## പാട്ട് 2 പക്കരൈ വിചിത്രമണി വിനായകർ സ്തുതി

ഈ പാട്ട് അരുണഗിരിനാഥർ വയലൂരിൽ 'പൊയ്യാഗണപതി' എന്ന വിനായകരുടെ സന്നിധിയിൽ വച്ച് പാടി എന്നാണ് വിശ്വാസം.

| | | |
|---|---|---|
| ഛന്ദം | തത്തതന തത്തതന തത്തതന തത്തതന | |
| | തത്തതന തത്തതന | തനതാന |

ഛന്ദം അനുസരിച്ച് എഴുതിയ സാഹിത്യം

1 പക്കരൈവി ചിത്രമണി പൊർകലണൈ യിട്ടനടൈ
പക്ഷിയെനു മുഗ്രതുര ഗമുനീപ

2 പക്കുവമ ലർത്തൊടൈയും അക്കുവടു പട്ടൊഴിയ
പട്ടുരുവ വിട്ടരുൾകൈ വടിവേലും

3 ദിക്കതുമ തിക്കവരു കുക്കുടമും രക്ഷൈതരു
ചിറ്റടിയു മുറ്റിയപ ന്നിരുതോളും

4 ശെയ്പ്പതിയും വൈത്തുയർതി രുപ്പുകഴ്വി രുപ്പമൊട്
ചെപ്പെനഎ നക്കരുൾകൈ മറവേനേ

5 ഇക്കവരൈ നർകനികൾ ശർക്കരൈപ രുപ്പുടനെയ്
എട്പൊരിയ വറ്റുവരൈ ഇളനീർവ

6 ണ്ടെച്ചിൽപയ റപ്പവകൈ പച്ചരിശി പിട്ടുവെള
രിപ്പഴമി ടിപ്പൽവകൈ തനിമൂലം

7 മിക്കഅടി ചിര്കടലൈ ഭക്ഷണമെ നക്കൊളൊരു
വിഘ്നസ മർത്ഥനെനും അരുളാഴി

8 വെർപകുടി ലച്ചടില വിര്പരമ രപ്പരരുൾ
വിത്തകമ രുപ്പുടൈയ പെരുമാളേ

പദം പിരിച്ച് എഴുതിയ സാഹിത്യം

1 പക്കരൈ വിചിത്ര മണി പൊർ-കലണൈ ഇട്ട നടൈ
പക്ഷിയെനും ഉഗ്ര തുരഗമും നീപ-

2 പക്കുവ മലർത്തൊടൈയും അ-ക്കുവടു പട്ട് -ഒഴിയ
പട്ട് -ഉരുവ വിട്ട് -അരുൾകൈ വടിവേലും

3 ദിക്ക് അതു മതിക്ക വരു കുക്കുടമും രക്ഷൈ തരു
ചിറ്റടിയും മുറ്റിയ പന്നിരു തോളും

4 ശെയ് -പതിയും വൈത്തു ഉയർ തിരുപ്പുകഴ് വിരുപ്പമൊട്
ചെപ്പ് എന എനക്ക് അരുൾകൈ മറവേനേ

5 ഇക്ക് അവരൈ നർ-കനികൾ ശർക്കരൈ പരുപ്പുടൻ നെയ്
എൾ പൊരി അവൽ തുവരൈ ഇളനീർ വണ്ട് -

6 എച്ചിൽ പയറു അപ്പ-വകൈ പച്ചരിശി പിട്ടു വെള-
രിപ്പഴം ഇടി- പൽവകൈ തനി-മൂലം

7 മിക്ക അടിശിൽ കടലൈ ഭക്ഷണം എന കൊൾ ഒരു
വിഘ്നിന സമർത്ഥൻ എനും അരുൾ ആഴി

8 വെർപ കുടില- ജടില വിൽ പരമർ അപ്പർ അരുൾ
വിത്തക മരുപ്പു ഉടൈയ പെരുമാളേ

<u>പദാർത്ഥം</u>

മണി, കാലിൽ ഇടുന്ന മറ്റ് അലങ്കാരം ഇവ അണിഞ്ഞ് ഗംഭീരമായി നടക്കുന്ന പക്ഷിയായ ഉഗ്രമായ കുതിരയെയും,
മലർ മാലയും, ആ ക്രൗഞ്ചമലയെ പൊടിയാക്കിയ വേലും
എട്ടു ദിക്കുകളിലും പറക്കുന്ന കോഴിക്കൊടിയെയും, എല്ലോരെയും കാത്തു രക്ഷിക്കുന്ന തിരുവടികളെയും, പന്ത്രണ്ട് തോൾകളെയും,
വയലൂരെയും പാട്ടിൽ വച്ച് തിരുപ്പുകഴ് ഭക്തിയോടു പാടൂ എന്ന് നീ തന്ന അനുഗ്രഹം ഞാൻ ഒരിക്കലും മറക്കുകയില്ല.

ഇക്ക് (കരിമ്പ്), അവര, നല്ല പഴവർഗ്ഗങ്ങൾ, ശര്ക്കര, പരിപ്പ്, നെയ്, എള്ള്,
പൊരി, അവൽ, തുവര, കരിക്ക്, വണ്ട്-എച്ചിൽ (തേൻ), പയറ്, പലവിധ
അപ്പങ്ങൾ, പുട്ട്, വെള്ളരി, മറ്റു പലഹാരങ്ങൾ, കനിവർഗ്ഗങ്ങൾ,
കടല ഇവയെ ഭക്ഷണമായി കഴിക്കുന്ന വിഘ്ന സമർത്ഥൻ,
ജടയും, പിനാകം എന്ന വില്ലും ധരിച്ച ശിവൻ അരുളിയവനേ, ഒറ്റക്കൊമ്പനേ

<u>സാരാംശം</u>

വിഘ്ന സമർത്ഥനേ, ഒറ്റക്കൊമ്പനേ, നിന്റെ തിരുവടികളെയും, പന്ത്രണ്ട് തോൾകളെയും വയലൂരെയും വച്ച് തിരുപ്പുകഴ് പാടൂ എന്ന് എനിക്കു നീ തന്ന അനുഗ്രഹം ഞാൻ മറക്കുകയില്ല.

<u>രാഗവും താളവും</u> :

തിരുപ്പുകഴ് ഇശൈ വഴിപാട് പദ്ധതിയിൽ രണ്ടു രാഗത്തിൽ പാടുന്നു -
നാട്ട രാഗം - ചതുശ്ര തൃപുട താളം - ഖണ്ഡ നട,
മോഹന രാഗം - ചതുശ്ര തൃപുട താളം - ചതുശ്ര നട

മറ്റു സംഗീതജ്ഞർ നാട്ട രാഗം ചതുശ്ര തൃപുട താളം ഖണ്ഡ നടയിൽ പാടിയിട്ടുണ്ട്.

ലേഖകനോട് ബന്ധപ്പെടാൻ drbaluiyer@gmail.com
എന്ന മേൽവിലാസത്തിൽ ഈ-മെയിൽ അയക്കുക.